File No.LSGD-DC2/8/2020-LSGD

'ഭരണഭാഷ- മാതൃഭാഷ'

# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - നെടുമങ്ങാട് നഗരസഭ - 1990-99 കാലഘട്ടത്തിൽ നഗരസഭയിൽ നിന്ന് വീട് പുനരുദ്ധാരണത്തിനും ചെലവു കുറഞ്ഞ കക്കൂസ് നിർമ്മാണത്തിനുമായി NRY, LLR, HUDCO എന്നീ സ്കീമുകളിൽ ലോൺ കൈപ്പറ്റിയിട്ടുള്ള പട്ടികജാതി, പട്ടിക വർഗ്ഗം, ബി.പി.എൽ. വിഭാഗങ്ങളിൽപ്പെട്ട ഗുണഭോക്താക്കളുടെ പിഴപലിശ ഒഴിവാക്കി ബാക്കി തുക ഒറ്റതവണ ആയി അടയ്ക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഡിസി) വകുപ്പ്

G.O.(Rt)No.198/2020/LSGD തീയതി,തിരുവനന്തപുരം, 25/01/2020

---

പരാമർശം:- നെടുമങ്ങാട് നഗരസഭാ ചെയർമാന്റെ 21/11/2019 തീയതിയിലെ R2/7226/19 നമ്പർ കത്ത്

## ഉത്തരവ്

നെടുമങ്ങാട് നഗരസഭ 1990-99 കാലഘട്ടത്തിൽ HUDCO, KUDFC എന്നീ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്ത് സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന ജനങ്ങൾക്ക് വീട് പുനരുദ്ധാരണത്തിനും ചെലവു കുറഞ്ഞ കക്കൂസ് നിർമ്മാണത്തിനുമായി വായ്പകൾ (NRY, LLR, HUDCO സ്കീമുകൾ) നൽകിയിരുന്നു. ഇവയിൽ നല്ലൊരു ശതമാനം ഗുണഭോക്താക്കളും വായ്പത്തുക പലിശയും പിഴപലിശയും ചേർത്ത് തിരിച്ചടക്കാൻ കഴിയാത്ത വിധത്തിൽ സാമ്പത്തിക ക്ലേശം അനുഭവിക്കുന്നവരാണെന്നും ആകെ വായ്പ തിരിച്ചടവ് തുക ലോൺ തുകയുടെ പലമടങ്ങ് വരുമെന്നും ലോണെടുത്ത ഗുണഭോക്താക്കൾ ഏറെയും മരണപ്പെട്ടു പോകുകയോ കെട്ടിടം വിൽക്കുകയോ ചെയ്തിട്ടുള്ളതാണെന്നും ടി കെട്ടിടങ്ങളുടെ ഉടമസ്ഥാവകാശം മാറ്റുന്നതിനായി നഗരസഭയിലെത്തുന്നവർക്ക് നഗരസഭയിൽ ബാദ്ധ്യത നിലനിൽക്കുന്നതുകൊണ്ട് തുടർനടപടികൾ തടസ്സപ്പെടുന്ന സാഹചര്യമാണുള്ളതെന്നും ആയതിനാൽ മേല്പറഞ്ഞ പദ്ധതികളിൽ (NRY, LLR, HUDCO) ഉൾപ്പെട്ട് വായ്പ കൈപ്പറ്റിയ ഗുണഭോക്താക്കളുടെ പിഴപലിശ ഒഴിവാക്കി നൽകുന്നതിന് നഗരസഭയ്ക്ക് യഥേഷ്ടാനുമതി നല്കണമെന്ന് നെടുമങ്ങാട് നഗരസഭാ ചെയർമാൻ പരാമർശ കത്ത് പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നെടുമങ്ങാട് നഗരസഭാ ചെയർമാൻ പരാമർശ കത്തിൽ വ്യക്തമാക്കിയിട്ടുള്ള വസ്തുതകൾ കണക്കിലെടുത്ത് 1990-99 കാലഘട്ടത്തിൽ നെടുമങ്ങാട് നഗരസഭയിൽ നിന്ന് വീട് പുനരുദ്ധാരണത്തിനും ചെലവു കുറഞ്ഞ കക്കൂസ് നിർമ്മാണത്തിനുമായി NRY, LLR, HUDCO എന്നീ സ്കീമുകളിൽ ലോൺ കൈപ്പറ്റിയിട്ടുള്ള പട്ടികജാതി, പട്ടിക വർഗ്ഗം, ബി.പി.എൽ. വിഭാഗങ്ങളിൽപ്പെട്ട ഗുണഭോക്താക്കളുടെ പിഴപലിശ ഒഴിവാക്കി ബാക്കി തുക ഒറ്റതവണ ആയി ഈടാക്കുന്നതിന്, സർക്കാർ ഇക്കാര്യത്തിൽ യാതൊരു സാമ്പത്തിക ബാദ്ധ്യതയും വഹിക്കുന്നതല്ല എന്ന നിബന്ധനയ്ക്ക് വിധേയമായി, നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MINI MOL D
JOINT SECRETARY

ചെയർമാൻ, നെടുമങ്ങാട് നഗരസഭ

നഗരകാര്യ ഡയറക്ടർ,തിരുവനന്തപുരം
സെക്രട്ടറി, നെടുമങ്ങാട് നഗരസഭ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എൽ ബി എ & എ/എ&ഇ)
ഇൻഫർമേഷൻ ഓഫീസർ (വെബ് &ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി
------

ഉത്തരവിൻ പ്രകാരം

Signature valid
Digitally signed by SMITHA B CHANDRA
Date: 2020.01.25 11:19:47 IST
Reason: Approved

സെക്ഷൻ ഓഫീസർ